# ആമുഖം

നെടുമ്പന പഞ്ചായത്ത് കുണ്ടുമൺ XI-ാം വാർഡിൽ 1960-ൽ സ്ഥാപിതമായ ഈ വിദ്യാലയം അവികസിതമായ ഒരു ഗ്രാമത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തുവാൻ സഹായകരമായിട്ടുണ്ട്. നെടുമ്പന ബദരിയ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ കീഴിലാണ് വിദ്യാലയം പ്രവർത്തിച്ചുവരുന്നത്. പൂർവ്വ വിദ്യാർത്ഥികളിൽ പലരും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തരാണ്. പൊതുവിദ്യാഭ്യാസത്തെ ബാധിച്ച ജീർണതകൾ സ്കൂളിനെ കാര്യമായി ബാധിച്ചിട്ടുണ്ടെങ്കിലും ഉള്ള കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കി ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. നിലവിൽ യു.പി.വിഭാഗത്തിൽ 17 കുട്ടികളും 3 അധ്യാപകരും 1 ഇതര ജീവനക്കാരനും ജോലി ചെയ്യുന്നു.

വിദ്യാലയം സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനായി അടുത്ത മൂന്ന് വർഷംകൊണ്ട് വിദ്യാലയത്തെ ആധുനിക സൗകര്യങ്ങൾ പാവപ്പെട്ട കുട്ടികൾക്ക് ലഭ്യമാകുന്ന തരത്തിൽ ഉയർത്താനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, നാട്ടുകാർ, വിവിധ ക്ലബ്ബ്, യുവജന സംഘടന പ്രവർത്തകർ, അധ്യാപകർ, പി.റ്റി.എ ഇവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ അക്കാദമിക, ഭൗതിക മേഖലകളിൽ സാമൂഹ്യ ഇടപെടലോടെ കൈവരിക്കേണ്ട നേട്ടങ്ങൾ ലിസ്റ്റ് ചെയ്ത് അതിനാവശ്യമായ സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും കണ്ടെത്തി ക്രോഡീകരിച്ച് ഇവിടെ അവതരിപ്പിക്കുന്നു. ബഹുജന പങ്കാളിത്തത്തോടെ സാമൂഹിക പിന്തുണയോടെ വിവിധ ഏജൻസികളുടെ സഹകരണത്തോടെ സർക്കാർ സഹായത്തോടെ ഈ കർമ്മപദ്ധതികൾ പ്രവൃത്തി പഥത്തിൽ എത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

വിശ്വാസപൂർവ്വം

ഷൈസ്.എ.എസ്

ടീച്ചർ ഇൻചാർജ്ജ്

മേഖല : ഭൗതികം

ഉപമേഖല : ചുറ്റുമതിൽ, കവാടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസ് സംരക്ഷിക്കൽ | • സ്കൂളിന്റെ നാലു ഭാഗത്തും ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് സ്ഥാപിക്കുക.<br>• മുൻവശം ആകർഷണീയമാക്കുക. | ഒരു വർഷം | പി.ടി.എ, എൽ.എസ്.ജി.ഡി, ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് | 10 ലക്ഷം |

മേഖല : സാമൂഹികം

ഉപമേഖല : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

വായനക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം | • വിവിധ ബാച്ചുകളിലെ പൂർവ്വ വിദ്യാർത്ഥികളെ വിളിച്ചു ചേർക്കൽ<br>• അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ച് ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | 5000/- (അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ) |
| വിദ്യാലയ വിഭവങ്ങൾ സമൂഹത്തിൽ പങ്കുവയ്ക്കൽ | • വിദ്യാലയ ലൈബ്രറി പുസ്തകങ്ങൾ രക്ഷിതാക്കൾ, വായനാ തൽപരർ എന്നിവർക്ക് വ്യവസ്ഥകളോടെ വായിക്കാൻ നൽകി നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യം പരിഗണിച്ച് | ലൈബ്രറി ചുമതലയുള്ള അധ്യാപകർ | |

**ഉപമേഖല : ആസൂത്രണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വാർഷിക പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാർ ചെയ്ത് ധാരണ നേടുക. | • എസ്.ആർ.ജി യോഗം ചേരൽ, വിദ്യാലയ വിഷയ ക്ലബ്ബുകൾ, വിവിധ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ തീരുമാനിക്കുക.<br>• യൂണിറ്റ് ടെസ്റ്റ്, ക്ലാസ്സ് പി.ടി.എ / തീയതി നിശ്ചയിക്കുക.<br>• പ്രവർത്തന കലണ്ടർ തയ്യാർ ചെയ്ത് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. | 2025 മെയ് | എസ്.ആർ.ജി, വിവിധ ക്ലബ്ബുകൾ | കലണ്ടർ പ്രിന്റിംഗ് 25000/- |

**ഉപമേഖല : ലൈബ്രറി വികസനവും ഉപയോഗവും**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എഴുത്തിനും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.<br>• കൂടുതൽ അറിയാനും ചിന്തിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.<br>• ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക. | • നിലവിലുള്ള ഗ്രന്ഥശാലയെ കൂടുതൽ സൗകര്യപ്രദമായ മുറിയിലേക്ക് മാറ്റി സ്ഥാപിക്കുക.<br>• വായനയിൽ ഏർപ്പെടാൻ വേണ്ട ഫർണിച്ചർ, ഫാനുകൾ, ഭിത്തിയിൽ സാഹിത്യകാരന്മാരുടെ ഫോട്ടോകൾ, മൊഴിമുത്തുകൾ ഇവ തയ്യാർ ചെയ്യൽ. | 2025 ജൂലൈ | എച്ച്.എം, ചുമതലയുള്ള അധ്യാപകർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാട്ടുകാർ, സ്പോൺസർഷിപ്പ് 50000/- അടങ്കൽ തുക |

**മേഖല : അക്കാദമികം**

**ഉപമേഖല : പഠനയാത്രകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുസ്തകങ്ങളിൽനിന്നു ലഭിക്കുന്ന അറിവുകൾ പ്രാദേശിക പഠന യാത്രകളിലൂടെ നേരിൽ കണ്ട് ദൃഢപ്പെടുത്താൻ അവസരം ഒരുക്കൽ | • സ്കൂളിന്റെ ചുറ്റുവട്ടത്തുള്ള ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോയി പരിചയപ്പെടുത്തി കൊടുക്കുക.<br>• വ്യവസായ സ്ഥാപനങ്ങൾ, ഗവ.സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുക. | പഠന പ്രവർത്തനങ്ങൾക്കൊപ്പം | ബന്ധപ്പെട്ട അധ്യാപകർ | 30000/- |

| | | | |
|---|---|---|---|
| • വായനാക്കൂട്ടം, എഴുത്ത്കൂട്ടം | • **<u>ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ-</u>** ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 3 ഗ്രൂപ്പുകളായി തിരിക്കുന്നു. എത്ര പുസ്തകം വായിക്കാം വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം - ചർച്ച. | 6 മാസം | മലയാളം അധ്യാപിക |
| • ക്ലാസ്സ് ലൈബ്രറി | • **<u>ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ</u>**<br>കുട്ടികളുടെ സഹായത്തോടെ യു.പി. വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ്സ് ലൈബ്രറി<br>• **<u>വായനോത്സവം സംഘടിപ്പിക്കൽ</u>**<br>കുട്ടികളുടെ കൂട്ടായ്മ, യോഗം, സ്വന്തം പുസ്തക അനുഭവം, അധ്യാപകരുടെ പുസ്തക പരിചയം | | മലയാളം അധ്യാപിക |
| • വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക. | • **<u>പത്രവായന-</u>**<br>വിവിധ പത്രങ്ങൾ ലഭ്യമാക്കൽ, പത്രകിസ്സ്, പുതിയ അറിവ് കണ്ടെത്തൽ.<br>• വായനാ സാമഗ്രികൾ വികസിപ്പിക്കൽ | 10 മാസം | |
| | • **<u>ഇ-വായന-</u>**<br>വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽനിന്ന് വിവരം ശേഖരിക്കാനുള്ള നൈപുണി. ഇ-പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.<br>• വായനാക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ് | | |
| • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക. | • വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. | 10 മാസം | |
| • ഭാഷയുമായി ബന്ധപ്പെട്ട സി. ഡി, ഐ.സി.റ്റി സാധ്യത സജ്ജീകരിക്കൽ | • ഇ-വായന-സാധ്യത കണ്ടെത്തൽ<br>• ഇ-പേപ്പറുകൾ പരിചയപ്പെടുത്തൽ. | 10 മാസം | |
| • ലഹരിവിരുദ്ധ ബോധവത്കരണം | • ലഹരിയുടെ ദൂഷ്യഫലങ്ങൾ വെളിപ്പെടുത്തുന്ന ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | | |

